بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

# Khuthba Summary 21.08.15 ഖുത്‌ബ സംഗ്രഹം

## സയ്യിദുനാ ഹദ്‌റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

**21.08.15 ന് ഹദീഖത്തുൽ മഹ്ദി, ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്‌ബയുടെ സംഗ്രഹം**

**നമ്മുടെ ജൽസയുടെ ഒരു വലിയ ഉദ്ദേശ്യം, ഹദ്‌റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചിട്ടുള്ളതും ബയ്അത്തിന്റെ ഉദ്ദേശ്യം പറഞ്ഞിട്ടുള്ളതും അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്‌നേഹം മനസ്സിൽ അതിജയിക്കുക എന്നതാണ്. മനസ്സിൽ സ്‌നേഹം അതിജയിച്ചുവരുന്നത്, നമ്മൾ ആ മഹാത്മാവിനുമേൽ മനസ്സിന്റെ അഗാധതയിൽനിന്ന് സ്വലാത്തുചൊല്ലുമ്പോഴാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്‌റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് പറഞ്ഞു:

ഇന്ന് ഇൻശാഅല്ലാഹ് ജുമുആയ്ക്കുശേഷം ഔദ്യോഗികമായ നിലയിൽ ജൽസസാലാന ആരംഭിക്കുന്നതാണ്. അതായത് ജൽസയുടെ പരിപാടിയനുസരിച്ച് ആദ്യസെഷൻ തുടങ്ങുന്നതാണ്. എന്നാൽ, ജുമുആയ്ക്കും ഒരു പ്രാധാന്യമുണ്ട്. ഇക്കാര്യം ഓർക്കേണ്ടതാണ്. ഈ പ്രാധാന്യത്തെ മുമ്പിൽവെച്ചുകൊണ്ട് അതിനോടുള്ള കടമയും നിറവേറ്റാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. ഇന്ന് ജൽസ കാരണത്താൽ ഈ കടമ നിറവേറ്റുന്നതിന് അല്ലെങ്കിൽ ആ കടമ നിറവേറ്റുന്നതിനിടയിൽ ചെയ്യുന്ന ദുആകളിൽ ജൽസ അനുഗ്യഹീതമായിത്തീരുന്നതിനും ദുആകൾ ചെയ്യുക.

ജുമുആയുടെ പ്രാധാന്യത്തെ കുറിച്ച് ഹദീഥിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'ദിവസങ്ങളിൽ ഉത്തമമായ ദിവസമാണ് വെള്ളിയാഴ്ച. ആ ദിവസം എന്റെ മേൽ കൂടുതൽ സ്വലാത്തു ചൊല്ലിക്കൊണ്ടിരിക്കുക. കാരണം നിങ്ങളുടെ ഈ സ്വലാത്തുകൾ എന്റെ മുമ്പിൽ സമർപ്പിക്കപ്പെടുന്നു.' പിന്നീട് നബി(സ) തിരുമേനി പറഞ്ഞു: 'ആ ദിനത്തിൽ ഒരു നിമിഷമുണ്ട്. ആ നിമിഷത്തിൽ മുഅ്മിൻ അല്ലാഹുവിനോടു ദുആ ചെയ്യുമ്പോൾ അത് സ്വീകരിക്കപ്പെടുന്നു.' അവിടന്ന് പറഞ്ഞു: 'ഇതു വളരെ ചെറിയ നിമിഷമാണ്.' ഇതാണ് ജുമുആയുടെ പ്രാധാന്യം. നമ്മൾ ഇന്ന്, ഇന്നത്തെ ആരാധനയും ഖുത്‌ബ കേൾക്കുകയും ചെയ്യുന്നതിനിടയിൽ– കാരണം ഖുത്‌ബയും ജുമുആയുടെ, ആരാധനയുടെ ഒരു ഭാഗമാണ്– ഏറ്റവും സുപ്രധാന ദുആ ആയ സ്വലാത്ത് ചൊല്ലുക. ചിന്തിച്ചുകൊണ്ട് സ്വലാത്ത് ചൊല്ലുക. **അല്ലാഹുമ്മ സ്വല്ലി അലാമുഹമ്മദിൻ** എന്നു പറയുമ്പോൾ അറിഞ്ഞും ഗ്രഹിച്ചും ചിന്തയോടുകൂടിയും 'അല്ലാഹുവേ! നബി(സ) തിരുമേനിയുടെ സ്മരണയെ ഉയർത്തി, അവിടത്തെ മനോഹരമായ സന്ദേശത്തിനും അധ്യാപനത്തിനും വിജയവും പ്രാമുഖ്യവും നല്കി, അവിടന്നുകൊണ്ടുവന്ന ശരീഅത്തിനെ യഥാർത്ഥമായ നിലയിൽ നിലയുറപ്പിച്ച്, അതിന്റെ മഹത്ത്വവും ഉയർച്ചയും സ്ഥാപിച്ചുകൊണ്ടിരിക്കുകയും അതിന് സഹായികളാകാൻ ഞങ്ങൾക്ക് തൗഫീഖ് നല്കി, ആ മഹാത്മാവിന്റെ ഉമ്മത്തിനുവേണ്ടി വിധിക്കപ്പെട്ടിട്ടുള്ള പാരിതോഷികങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്യേണമേ' എന്ന് ദുആ ചെയ്യുക. **അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ** എന്നു പറയുമ്പോൾ, അല്ലാഹുവേ, ഞങ്ങൾ ഇങ്ങനേയും ദുആ ചെയ്യുന്നു, നീ നബി(സ) തിരുമേനിക്ക് എന്തെല്ലാം മാന്യതയും മഹത്ത്വവും പ്രതാപവും അന്തസ്സുമാണോ വിധിക്കപ്പെട്ടിട്ടുള്ളത്, അത് നിലനിറുത്തിക്കൊണ്ട് ശത്രുക്കളെ നിരാശരും നഷ്ടപ്പെട്ടവരുമാക്കി, അത് ഞങ്ങൾക്കും കാണുന്നതിനും അതിന്റെ ഭാഗമാകുന്നതിനും തൗഫീഖ് തന്നാലും, ഈ വിജയത്തിന്റെ ദൃശ്യങ്ങൾ ഞങ്ങൾ കാണുമ്പോൾ, നബി(സ) തിരുമേനിക്കെതിരിൽ ആസൂത്രണംചെയ്യപ്പെടുന്ന എല്ലാ ചതിയും ശ്രമവും ശത്രുവിന്റെമേൽ പതിക്കുമാറാകട്ടെ എന്ന് ദുആ ചെയ്യുക. നമ്മൾ ഇന്ന് സംഘടിച്ചുകൊണ്ട് ഈ ദുആ മൊത്തമായനിലയിൽ ചെയ്തുകൊണ്ടിരിക്കുമ്പോൾ, അല്ലാഹുവിന്റെ പക്കൽ തീർച്ചയായും സ്‌നേഹത്തിന്റേയും സ്വീകാര്യത്തിന്റേയും ദൃഷ്ടി പ്രാപിക്കുന്നതാണ്. നോക്കപ്പെടുന്നതാണ്. നമ്മൾ അതിന്റെ സ്വീകാര്യത്തിൽനിന്ന് അനുഗ്രഹവും പ്രാപിക്കുന്നതാണ്. പിന്നീട് അവന്റെ നിലയ്ക്കാത്ത അനുഗ്രഹത്തിൽ ഭാഗഭാക്കായിക്കൊണ്ട് പോകുകയും ചെയ്യും. നബി(സ) തിരുമേനിയുടെ മുമ്പിൽ അവിടത്തെ വിശ്വാസികളുടെ ഈ ദുആകൾ സമർപ്പിക്കപ്പെടുമ്പോൾ, സ്വലാത്ത് സമർപ്പിക്കപ്പെടുമ്പോൾ അവിടത്തെ ദുആകളുടെ അനുഗ്രഹവും നമുക്കു കിട്ടുന്നതാണ്. അങ്ങനെ ദുആകളുടെ ഒരു പരമ്പരതന്നെ തുടങ്ങുന്നതായിരിക്കും. നമ്മുടെ ജൽസയുടെ ഒരു വലിയ ഉദ്ദേശ്യം, ഹദ്‌റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചിട്ടുള്ളതും ബയ്അത്തിന്റെ ഉദ്ദേശ്യമായി പറഞ്ഞിട്ടുള്ളതും അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്‌നേഹം മനസ്സിൽ അതിജയിക്കുക എന്നതാണ്. മനസ്സിൽ സ്‌നേഹം അതിജയിച്ചുവരുന്നത്, നമ്മൾ ആ മഹാത്മാവിനുമേൽ മനസ്സിന്റെ അഗാധതയിൽനിന്ന് സ്വലാത്തു ചൊല്ലുമ്പോഴാണ്. കാരണം അല്ലാഹുവിന്റെ കല്പനയും ഇതുതന്നെയാണ്. പിന്നീട് നമ്മുടെ അവസ്ഥകളെ അതനുസരിച്ച് വാർത്തെടുക്കുക. വാർത്തെടുക്കാൻ ശ്രമിക്കുക; അതിന്റെ

മാതൃക നബി(സ) തിരുമേനി നമ്മുടെ മുമ്പിൽ സമർപ്പിച്ചിരിക്കുന്നു. അത് നമ്മെ അല്ലാഹുവിന്റെ സ്നേഹത്തേയും കരസ്ഥമാക്കുന്നവരാക്കും. അവിടത്തെ സ്നേഹം കാരണത്താലും അവിടത്തെ മേലുള്ള സ്വലാത്തും അവിടത്തോടുള്ള അനുധാവനവും കൊണ്ടും അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നവരുമാകും.

അതുകൊണ്ട് ജുമുഅ വേളയിലും അതിനുശേഷവും പ്രത്യേകമായ നിലയിൽ മറ്റു രണ്ടു ദിവസങ്ങളിലും ഒരു ശ്രദ്ധയോടുകൂടി സ്വലാത്തിലും ദൈവസ്മരണയിലും എല്ലാ സമയവും മുഴുകാൻ ശ്രമിക്കേണ്ടതാണ്; അല്ലാഹു നമ്മുടെ മേൽ കരുണ ചെയ്തുകൊണ്ട്, നമ്മുടെ എതിരാളികളുടെ എല്ലാ കുതന്ത്രങ്ങളും അവരുടെമേൽതന്നെ മറിച്ചിടുന്നതിനുവേണ്ടി. നബി(സ) തിരുമേനിയുടെ ജീവിതത്തിൽ നമുക്ക് സമസൃഷ്ടികളോടുള്ള കടമ നിർവഹണത്തിന്റെ മഹത്തായ മാതൃകയും കാണാൻ കഴിയുന്നു. അതും നമ്മളിൽ നടപ്പിൽ വരുത്താൻ ശ്രമിക്കേണ്ടതാണ്.

മുഅ്മിനീംകളുടെ അടയാളമായി അല്ലാഹു പറഞ്ഞിട്ടുള്ളത്, അവർ പരസ്പരം സ്നേഹത്തിന്റേയും പ്രീതിയുടേയും കരുണയുടേയും വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുന്നവരായിക്കുമെന്നാണ്. അതിലും നമുക്ക് നബി(സ) തിരുമേനിയുടെ ജീവിതമാതൃക ദർശിക്കാവുന്നതാണ്. അല്ലാഹു ഇതിന്റെ ചിത്രം വരച്ചുകാണിച്ചിരിക്കുന്നു. **അസീസുൻ അലയ്ഹി മാ അനിത്തും** നിങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ അദ്ദേഹത്തിന് അസഹ്യമാണ്. മുഅ്മിനീംകളോടുള്ള അദ്ദേഹത്തിന്റെ സ്നേഹംകൊണ്ട് അവർക്കുണ്ടാകുന്ന നിസാരബുദ്ധിമുട്ടുപോലും അദ്ദേഹത്തിന് അസഹ്യമാണ്. മുഅ്മിനീംകൾക്കുണ്ടാകുന്ന ചെറിയ ബുദ്ധിമുട്ടും ആ മഹാത്മാവിനെ അസ്വസ്ഥനാക്കുന്നു. ഈ മാതൃകയാണ് നമ്മുടെ മുമ്പിൽ വെക്കപ്പെട്ടിട്ടുള്ളത്. അതായത് പരസ്പരം ഉണ്ടാകുന്ന ബുദ്ധിമുട്ട് നിങ്ങളെ വ്യാകുലചിത്തരാക്കേണ്ടതാണ്. യഥാർത്ഥനിലയിൽ പരസ്പരം കരുണയുടേയും സ്നേഹത്തിന്റേയും വികാരങ്ങൾ ഉണ്ടാകുമ്പോഴാണ് ഇതു സാധ്യമാകുന്നത്.

ജൽസ സംഘടിപ്പിക്കുന്നതിന്റെ പലഉദ്ദേശ്യങ്ങളിൽ ഒന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുള്ളത്, ജമാഅത്തിന്റെ സാഹോദര്യബന്ധങ്ങൾ കെട്ടുറപ്പുള്ളതാകുമെന്നാണ്. സാഹോദര്യബന്ധങ്ങൾ ശക്തമാകുന്നത്, നിസ്വാർഥരായിക്കൊണ്ട്, ഒരാൾ മറ്റൊരാൾക്കുവേണ്ടി ത്യാഗം ചെയ്യുമ്പോഴായിരിക്കും. പരസ്പരം വികാരങ്ങൾ ഗൗനിക്കുമ്പോഴായിരിക്കും. വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ ദൃഢത ഉണ്ടായിക്കഴിഞ്ഞിരുന്നുവെങ്കിലും പ്രാരംഭകാലത്തെ ജൽസകളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിച്ച തർബിയ്യത്തിന്റെ ആ നിലവാരം കൈവന്നിരുന്നില്ല, ത്യാഗത്തിന്റെ ആ വികാരവും ഉണ്ടായിരുന്നില്ല. ചുറ്റുപാടിന്റെ സ്വാധീനത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിൽ ഉണ്ടാക്കാൻ ആഗ്രഹിച്ചിരുന്ന സമസൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കുന്നന്നതിന്റേയും, സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും നിലവാരം പ്രാവർത്തികമായ നിലയിൽ ഉണ്ടായിരുന്നില്ല. ജൽസയിൽ പരസ്പരം ഗൗനിക്കപ്പെട്ടില്ലെന്നും, തന്റെ സുഖത്തെക്കാൾ മറ്റുള്ളവരുടെ സുഖത്തിന് മുൻഗണന നല്കപ്പെട്ടില്ല എന്നുമുള്ള പരാതി ഉണ്ടായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)കഠിനമായി ദ്വേഷപ്പെട്ടു. ആ ദ്വേഷം കാരണത്താൽ ഒരുവർഷം ജൽസയും സംഘടിപ്പിച്ചില്ല. അവിടന്ന് വളരെ ശാന്തമായി പറഞ്ഞു: 'ഞാൻ സത്യമായും പറയുന്നു, 'സ്വന്തം സുഖത്തെക്കാൾ തന്റെ സഹോദരന്റെ സുഖത്തിന് കഴിയുന്നത്ര മുൻഗണന നല്കാത്തിടത്തോളം മനുഷ്യന്റെ ഈമാൻ ഒരിക്കലും ശരിയാകുകയില്ല.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തന്റെ ജമാഅത്തിലെ അംഗങ്ങളിൽ സാഹോദര്യവും സ്നേഹവും സമ്പ്രീതിയും കാണാനുള്ള വികാരങ്ങളാണ് ഉണ്ടായിരുന്നത്. തന്നെ വിശ്വസിക്കുന്നവർ എന്തുകൊണ്ട് പരസ്പരം ബുദ്ധിമുട്ടുകൾ മനസ്സിലാക്കുന്നില്ല എന്നോർത്ത് അവിടന്ന് അസ്വസ്ഥനാകുമായിരുന്നു. അതുകൊണ്ട് ജൽസയിൽ പങ്കെടുക്കാൻ വരുന്നവർ, ജൽസയുടെ ഉദ്ദേശ്യം പൂർത്തിയാക്കുന്നതിനുവേണ്ടി അല്ലാഹുവിനോടും അവന്റെ റസൂലിനോടും സ്നേഹം ഉണ്ടാക്കുന്നതിനോടൊപ്പം പരസ്പരമുള്ള സ്നേഹത്തിന്റേയും സമ്പ്രീതിയുടേയും സാഹോദര്യത്തിന്റേയും വികാരങ്ങൾ വർദ്ധിപ്പിക്കുകയും വേണ്ടതാണ്. നിങ്ങളുടെ ദീനീപരമായ അറിവുകളും വികസിപ്പിക്കേണ്ടതാണ്. അവിടന്ന് ഒരു സ്ഥലത്ത് ജൽസയിൽ പങ്കെടുക്കുന്നവരിൽ ഉണ്ടാകുന്ന-അതുണ്ടാകേണ്ടതുതന്നെയാണ്- അവസ്ഥ ഇങ്ങനെ വരച്ചുകാണിക്കുകയും വിവരിക്കുകയും ചെയ്തു. പറയുന്നു: 'കഴിയുംവിധം സ്നേഹിതന്മാർ അല്ലാഹുവിനുവേണ്ടി മാത്രം ദൈവികകാര്യങ്ങൾ കേൾക്കുന്നതിനും ദുആയിൽ പങ്കെടുക്കുന്നതിനുംവേണ്ടി മാത്രം ഈ തിയതികളിൽ വരേണ്ടതാണ്. ഈ ജൽസയിൽ ഈമാനിലും(വിശ്വാസം) യഖീനിലും(ദൃഢനിശ്ചയം) മഅ്രിഫത്തിലും(അല്ലാഹുവിനെകുറിച്ചുള്ള അറിവ്) ഉയർച്ച ഉണ്ടാക്കുന്നതിന് അനിവാര്യമായിട്ടുള്ള യാഥാർത്ഥ്യങ്ങളും ദൈവജ്ഞാനങ്ങളും കേൾപ്പിക്കുന്നതിനുള്ള ഏർപ്പാടുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം തന്നെ ഈ സ്നേഹിതന്മാർക്കുവേണ്ടി പ്രത്യേകമായ ദുആകളും ശ്രദ്ധയും ഉണ്ടാകേണ്ടതാണ്. കാരുണ്യവാന്മാരിൽ കാരുണ്യവാന്റെ തിരുസന്നിധിയിൽ കഴിയുംവിധം, അല്ലാഹു അവരെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നതിനും തന്റേതായി സ്വീകരിക്കുന്നതിനും അവർക്ക് പരിശുദ്ധമാറ്റം പ്രദാനം ചെയ്യുന്നതിനും പരിശ്രമിക്കുന്നതായിരിക്കും. ഒരു താൽക്കാലികമായ നേട്ടം ഈ ജൽസകളിൽ ഇങ്ങനേയും ഉണ്ടായിരിക്കുന്നതാണ്. അതായത്, പുതുവർഷത്തിൽ ജമാഅത്തിൽ പ്രവേശിക്കുന്നവർ, നിശ്ചിത തിയതികളിൽ ഹാജരായി

തങ്ങൾക്കു മുമ്പേ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളവരുടെ മുഖങ്ങൾ കാണുകയും തിരിച്ചറിഞ്ഞുകൊണ്ട് പരസ്പരം സ്നേഹബന്ധവും പരിചയവും വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. എല്ലാ സഹോദരങ്ങളേയും ആത്മീയമായ നിലയിൽ ഒന്നാക്കുന്നതിനുവേണ്ടിയും അവരുടെ ശുഷ്കതയേയും അപരിചയത്വത്തേയും വിരോധത്തേയും ഇടയിൽനിന്ന് പറത്തിക്കളയുന്നതിനുവേണ്ടിയും പ്രതാപവാന്റെ തിരുസന്നിധിയിൽ ശ്രമിക്കുന്നതായിരിക്കും. ഈ ആത്മീയജൽസയിൽ മറ്റു പല ആത്മീയനേട്ടങ്ങളും ഫലങ്ങളും ഉണ്ടായിരിക്കുന്നതാണ്. അത് ഇൻശാഅല്ലാഹ് സന്ദർഭോചിതം വെളിപ്പെട്ടുകൊണ്ടിരിക്കും.

അതുകൊണ്ട് നമ്മളിൽ എല്ലാവരും ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. നമ്മൾ ഈ ദിനങ്ങളിൽ ഇവിടെ ജൽസയുടെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റൊരു സ്ഥലത്ത് പറയുന്നു: 'ഭൗതികമേളകളെപ്പോലെ ഒരു മേളയായി ഈ ജൽസയെ മനസ്സിലാക്കരുത്.' ഈ ഉദ്ധരണിയിൽനിന്ന് നമ്മുടെ ശ്രദ്ധ ഈ ദിനങ്ങളിൽ ദൈവികകാര്യങ്ങൾ കേൾക്കാൻ സന്നദ്ധമായിരിക്കേണ്ടതാണെന്ന് പ്രകടമാണ്. പരസ്പരം മജ്ലിസുകൾ ഉണ്ടാക്കി വാചകമടിച്ച് സമയം കളയാതിരിക്കേണ്ടതാണ്. നിങ്ങളുടെ സമയത്തിന്റെ കൂടുതൽ ഭാഗം ചന്തകളിൽ ചുറ്റിക്കറങ്ങി പാഴാക്കിക്കളയുകയുമരുത്. ജൽസാ പരിപാടികൾക്കുശേഷം ബാക്കി കിട്ടുന്ന സമയം ദീനീപരമായ സംസാരങ്ങളിലോ ദൈവസ്മരണയിലോ ചെലവഴിക്കുക. അല്ലെങ്കിൽ മറ്റു പരിപാടികൾ കാണുക. ഉദാഹരണത്തിന് ഇവിടെ ചില കാര്യങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അവിടെയും ഇവിടേയും നടന്ന് സമയം പാഴാക്കുന്നതിനും ചന്തകളിൽ ചുറ്റിക്കറങ്ങി നടക്കുന്നതിനുംപകരം ജമാഅത്ത് സംവിധാനം ചെയ്തിട്ടുള്ള മറ്റു പരിപാടികളും കാണുക. അതുമുഖേന മനുഷ്യന്റെ ഈമാനിലും യഖീനിലും വർദ്ധന ഉണ്ടാകുന്നതാണ്. ഉദാഹരണത്തിന് ഇവിടെ അവർ എക്സിബിഷൻ തയ്യാറാക്കിയിട്ടുണ്ട്. ഒന്ന് ജമാഅത്തിന്റെ ചരിത്രമാണ്. അത് കാണുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഓർക്കുക. അതായത് എങ്ങനെയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ കാര്യങ്ങൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നത്? അദ്ദേഹത്തോട് ചെയ്ത വാഗ്ദാനങ്ങൾ പുലർത്തിക്കൊണ്ടിരിക്കുന്നത്? ജമാഅത്തിനെക്കുറിച്ചുള്ള അറിവും പ്രബോധനവും എങ്ങനെയാണ് ലോകത്തിന്റെ അറ്റങ്ങൾവരെ എത്തിക്കൊണ്ടിരിക്കുന്നത്? അവിടെ അഹ്മദിയ്യത്തിന്റെ ശുഹദാക്കളുടെ ചിത്രങ്ങളുണ്ട്. അവ കണ്ടിട്ട്, അവരുടെ ദർജകൾ ഉയർത്തുന്നതിനും സ്വന്തം ജമാഅത്തിന്റെ ഉറപ്പിനായും അവരുടെ കുടുംബാംഗങ്ങൾക്കും ജമാഅത്തിലെ അംഗങ്ങൾക്കുംവേണ്ടി ദുആ ചെയ്യുക. അല്ലാഹു എല്ലായിടത്തും ജമാഅത്തിനെ എതിരാളികളുടെ ദ്രോഹങ്ങളിൽനിന്ന് കാത്തുരക്ഷിക്കുമാറാകട്ടെ. പിന്നെ പ്രചാരണവിഭാഗത്തിന്റെ (ഇശാഅത്ത്) ഒരു സ്റ്റാളുണ്ട്. അവർക്കും ഒരു പന്തലുണ്ട്. അവിടെപോയി, ഈ വർഷം പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങളും പുസ്തകങ്ങളും കാണുക. വാങ്ങിക്കാൻ കഴിയുന്നവർ വാങ്ങുക. കൈയിലില്ലാത്ത പുസ്തകങ്ങൾ അവിടെയുണ്ടെങ്കിൽ കരസ്ഥമാക്കാൻ ശ്രമിക്കുക. റിവ്യൂ ഓഫ് റിലീജ്യൻസും ഈ വർഷം തങ്ങളുടെ ഒരു സ്റ്റാൾ ഇട്ടിട്ടുണ്ട്. അല്ലെങ്കിൽ അവരുടെ സ്ഥലം വിശാലമാക്കീട്ടുണ്ട്. ഈസായുടെ തിരുശേഷിപ്പിനെക്കുറിച്ച് അവിടെ ഇപ്രാവശ്യം ഒരുപാട് അറിവുകളുണ്ട്. അതുകാണുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യതയും സത്യസാക്ഷ്യവും ഈ കാര്യങ്ങൾ കാണുമ്പോൾ കൂടുതൽ പ്രകടമാകുന്നതാണ്. അതുമുഖേന നിങ്ങളുടെ ഈമാനിൽ വർദ്ധന ഉണ്ടാക്കുക. ഇപ്രകാരംതന്നെ ജൽസയുടെ മെയിൻ പരിപാടികൾക്കു പുറമെ, ബാക്കി വിവിധ ഭാഷകളിലും പരിപാടികൾ നടക്കുന്നുണ്ട്. അതും പ്രയോജനപ്പെടുത്തേണ്ടതാണ്. ജൽസയുടെ മെയിൻ പരിപാടിക്കുശേഷം പരിചയപ്പെടുന്നതിനുവേണ്ടി പരസ്പരം കാണുക. തങ്ങളുടെ ഭാഷകൾ വിഭിന്നങ്ങളായിരുന്നിട്ടും തങ്ങൾ വിവിധ ജനവിഭാഗങ്ങളിലെ അഹ്മദികളെ കണ്ടുമുട്ടുമ്പോൾ ആംഗ്യഭാഷയിൽ സ്നേഹത്തിന്റേയും സംപ്രീതിയുടേയും വികാരങ്ങൾ പ്രകടിപ്പിക്കുന്നുവെന്നും അതു വാക്കുകളിൽ വിവരിക്കാൻ പറ്റുകയില്ലെന്നും പുതിയതായി വരുന്ന ധാരാളം അഹ്മദികൾ ജൽസയ്ക്കുശേഷം പറയാറുണ്ട്.

പരസ്പരം സ്നേഹബന്ധങ്ങൾ വളരുകയും, ആത്മീയമായ നിലയിൽ എല്ലാ സഹോദരങ്ങളും ഒന്നാകുകയും പരിചയമില്ലായ്മയും വിരോധവും ഇടയിൽനിന്ന് ഇല്ലാതാക്കാൻ ശ്രദ്ധിക്കുകയും വേണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. അതിനുവേണ്ടി ദുആയും ചെയ്യണം. അതുകൊണ്ട് നിസ്വാർത്ഥമായ ബന്ധത്തിന്റെ പ്രകടനവും ഒരാൾ മറ്റൊരാൾക്കുവേണ്ടി ചെയ്യുന്ന ദുആയും, നമ്മുടെ ജൽസയിൽ മാത്രം കാണുവാൻ കഴിയുന്ന ഒരന്തരീക്ഷമാണ് സൃഷ്ടിക്കുന്നത്.

അതിനാൽ ഈ ബന്ധത്തേയും പരിചയത്തേയും കരസ്ഥമാക്കാനും വർദ്ധിപ്പിക്കാനും അല്ലാഹുവിനുവേണ്ടി മാത്രം ഈ ബന്ധം നിലനില്ക്കാനും എല്ലാവരും ശ്രമിക്കേണ്ടതാണ്. ഇപ്രകാരംതന്നെ, ഹദ്റത്ത് മസീഹ് മൗഊദ്(അ) പൊതുവായ നിലയിൽ പറഞ്ഞ- വേറേയും ഒരുപാട് ആത്മീയനേട്ടങ്ങളുണ്ട്, ഫലങ്ങളുണ്ട്- അതറിയുന്നതിന് അവിടംവരെ നമ്മുടെ ചിന്തകൾക്കെത്താൻ കഴിയുകയില്ല. തന്നെ വിശ്വസിക്കുന്നവർക്ക് എന്ത് ആത്മീയഫലങ്ങൾ കിട്ടണമെന്നാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മനസ്സിലുണ്ടായിരുന്നത്, അവയിലെല്ലാം നമ്മൾ ഭാഗഭാക്കാകുന്നതിനുവേണ്ടി എല്ലാവരും ശ്രദ്ധിക്കുകയും ദുആ ചെയ്യുകയും വേണം. നമ്മളിൽ ഓരോരുത്തരും ഇതിലേക്ക് ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. ആത്മാർത്ഥതയോടുകൂടി ഈ എല്ലാ പരിപാടികളും കേൾക്കുക. ഇല്ലെങ്കിൽ ഇത്ര ചെലവഴിച്ച് ഇവിടെ വരു

ന്നതും വിശാലമായ ഏർപ്പാടുകൾക്കുവേണ്ടി ഇത്രയധികം ജമാഅത്ത് ചെലവഴിക്കുന്നതും നിരർത്ഥമാണ്.

അതുകൊണ്ട് ജൽസയിൽ പങ്കെടുക്കാൻ വരുന്ന അതിഥികൾ, തങ്ങൾ എന്തിന് ജൽസയിൽ പങ്കെടുക്കുന്നു എന്ന് ഉദ്ദേശ്യം മുമ്പിൽവെക്കുക. കൂടുതൽക്കൂടുതൽ അനുഗ്രഹമെടുക്കാൻ ശ്രമിക്കുക. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. ഇവിടെ ചെയ്തിട്ടുള്ള ഏർപ്പാടുകളുടെ അടിസ്ഥാനത്തിലും ചില കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. സംഘാടകരോട് പൂർണമായും സഹകരിക്കുക. സംഘാടകർ നിങ്ങൾക്കു സേവനം ചെയ്യുന്നത് നിങ്ങളുടെ ഗുണത്തിനുവേണ്ടിയാണ്. സഹകരിക്കുകയാണെങ്കിൽ നല്ലരീതിയിൽ അത് നടക്കുന്നതാണ്. ജൽസാഗാഹിൽ ഇരിക്കുന്നതിനെ സംബന്ധിച്ചും പുരുഷന്മാരും സ്ത്രീകളും കുട്ടികളുടെ ഉമ്മമാരും ഭക്ഷണനേരത്ത് പന്തലുകളിൽ പോകുന്നതിനെ സംബന്ധിച്ചുമുള്ള നിർദേശങ്ങൾ പാലിക്കുക. അച്ചടക്കത്തോടുകൂടി ഭക്ഷണം കഴിക്കുന്നതിനുള്ള നിർദ്ദേശം പ്രാവർത്തികമാക്കുക. ഭക്ഷണം വിതരണം ചെയ്യുന്ന സംഘാടകരും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ചിലയാളുകൾക്ക് രോഗംകൊണ്ടോ അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണത്താലോ കൃത്യസമയത്ത് എത്തിച്ചേരാൻ കഴിഞ്ഞുവെന്ന് വരില്ല. അവർ നിർബന്ധിതരാണ്. കുട്ടികളുള്ള ചില ഉമ്മമാർക്ക് ഭക്ഷണസമയത്തിനു പുറമെയും ഭക്ഷിക്കേണ്ട ആവശ്യമുണ്ടാകും. അല്ലെങ്കിൽ ആഹാരപന്തലിൽ പോകേണ്ടിവരുന്നു. അതുകൊണ്ട് എന്തെങ്കിലും കുറച്ച് ഏർപ്പാട് അവിടെ എപ്പോഴും ചെയ്തിരിക്കേണ്ടതാണ്. കാരണം ബാസാർ അടച്ചുപോകുന്നതാണ്. എന്നാൽ, അതിഥികളും ശ്രദ്ധിക്കേണ്ട കാര്യമുണ്ട്. അവർ ജൽസയിൽനിന്ന് ഫലമെടുക്കണം. അല്പം ഇളവുകിട്ടുമ്പോൾ സംഘാടകരെ അനാവശ്യമായി ബുദ്ധിമുട്ടിക്കാൻ തുടങ്ങരുത്. കുട്ടികളുടെ ഉമ്മമാർ എന്തെങ്കിലും കുറച്ച് കുട്ടികൾക്കായി കൂടെ കൊണ്ടുവരാൻ ശ്രദ്ധിക്കുക. കുട്ടികൾക്ക് ഭക്ഷണം എവിടെയെങ്കിലും മാറിയിരുന്ന് നല്കുക. അവർക്ക് വേറെ പന്തലും തയ്യാറാക്കിയിട്ടുണ്ട്.

ഇപ്രകാരംതന്നെ ട്രാഫിക് വകുപ്പിന്റെ സംഘാടകരോടും സഹകരിക്കുക. സെക്യൂരിറ്റിക്കാരോടും പൂർണമായും സഹകരിക്കുക. ഓരോ അഹ്മദിയും ജാഗരൂകരായി പ്രവർത്തിക്കേണ്ടതാണ്. നമുക്കുള്ള ഏറ്റവും വലിയ സെക്യൂരിറ്റി സംവിധാനം നമ്മൾതന്നെയാണ്. വലത്തും ഇടത്തും എപ്പോഴും ദൃഷ്ടി വെക്കേണ്ടതാണ്. ദുൻയാവിന്റെ അവസ്ഥ വളരെ മോശമാണ്. ജമാഅത്തിന്റെ അഭിവൃദ്ധികണ്ട് അസൂയാലുക്കളുടെ ദ്രോഹങ്ങളിലും വേഗത്തിൽ വർദ്ധന ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇതു ശ്രദ്ധിക്കേണ്ടത് നിർബന്ധമാണ്. എല്ലാത്തിനേക്കാളുമുപരി അസൂയാലുക്കളുടെ അസൂയയിൽനിന്നും ദ്രോഹികളുടെ ദ്രോഹങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനായി ദുആ ചെയ്യുക. ഈ ദിനങ്ങളിൽ ഞാൻ മുമ്പേ പറഞ്ഞതുപോലെ അല്ലാഹു എല്ലാവിധത്തിലും ജൽസയെ അനുഗൃഹീതമാക്കട്ടെ. പരിപാടികൾ അടങ്ങിയ നോട്ടീസ് എല്ലാവർക്കും വിതരണം ചെയ്തിട്ടുണ്ട്. അതിൽ മറ്റു നിർദ്ദേശങ്ങളും എഴുതിയിട്ടുണ്ട്. അത് ശ്രദ്ധിച്ചുവായിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക. ഖുത്ബയുടെ അവസാനം ഹുദൂർ 'ഡേറ ഖാസിഖാനി'ലെ 'നോൺസാ ശരീഫ്' എന്ന സ്ഥലത്തെ കരീമുല്ലാ സാഹിബിന്റെ മകൻ ഇഖ്റാമുല്ലാഹ് സാഹിബിനെ അനുസ്മരിക്കുകയുണ്ടായി. അദ്ദേഹത്തെ ശത്രുക്കൾ 2015 ആഗസ്ത് 19ന് ശഹീദാക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മഗ്ഫിറത്തിനും സന്തപ്തകുടുംബാംഗങ്ങൾക്ക് അല്ലാഹു ക്ഷമ പ്രദാനം ചെയ്യുന്നതിനുംവേണ്ടി ഹുദൂർ ദുആ ചെയ്തു. രണ്ടാമത്തെ ജനാസ ചൗദ്ദരി മുഹമ്മദ് അലീ സാഹിബ് എം.ഏ യുടേതായിരുന്നു. അദ്ദേഹം വക്കീലെ തസ്നീഫ് തഹ്‌രീകെ ജദീദായിരുന്നു. 2015 ആഗസ്ത് 14ന് ഇഹലോകവാസം വെടിഞ്ഞു. 1917ലാണ് അദ്ദേഹം ജനിച്ചത്. സുദീർഘമായ അദ്ദേഹത്തിന്റെ സേവനങ്ങൾ ഹുദൂർ അനുസ്മരിച്ചു. അദ്ദേഹത്തിന്റെ മഗ്ഫിറത്തിനും പദവികളുടെ ഉയർച്ചക്കും വേണ്ടി ദുആ ചെയ്തു. അദ്ദേഹത്തെപോലുള്ള ആത്മാർത്ഥരേയും ആത്മാർപണ സന്നദ്ധരേയും ഖിലാഫത്തിനോട് ആസക്തിയുള്ളവരേയും അല്ലാഹു എപ്പോഴും ജമാഅത്തിന് നല്കിക്കൊണ്ടിരിക്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Hadeeqathul Mahdi,London – on 21.08.15
Malayalam Translation : Mau.Mohamad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala